പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1880

10/03/2020 ൽ മറുപടി നല്കേണ്ടത്.

## കൃത്രിമപാൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃത്രിമപാൽ (എ) വിതരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല. |
| (ബി) ഇത് തടയുന്നതിനായി ഡയറി ബി) ഡവലപ്മെന്റ് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ; | സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് എന്നിവിടങ്ങളിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന പാൽ പരിശോധനസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.ജില്ലകളിലുള്ള ജില്ലാതല ഗുണ നിയന്ത്രണ ഓഫീസുകൾ മുഖേന വിപണിയിൽ ലഭ്യമായ മിൽക്ക് സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് NABL അക്രഡിറ്റേഷനോടു കൂടിയ സ്റ്റേറ്റ് ഡയറിലാബും കാസർഗോഡ്, കോട്ടയം ജില്ലകളിൽ റീജിയണൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) ഇത്തരം പാലിന്റെ വിതരണവും ഉല്പാദനവും തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | സംസ്ഥാനത്ത് മാർക്കറ്റിൽ ലഭ്യമായ മുഴുവൻ പാലിന്റെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് കൃത്യമായ ഇടവേളകളിൽ ശേഖരിക്കുകയും ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിക്കുകയും ചെയ്യുന്നു. ടി പരിശോധനയിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ ലംഘിക്കുന്നതായി കണ്ടെത്തുകയാണെങ്കിൽ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നിയമനടപടികൾ സ്വീകരി |

ക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് ഒട്ടാകെ 2019 ജനുവരി മുതൽ ഡിസംബർ വരെ 347 പാൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബുകളിൽ പരി ശോധിക്കുകയും ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ 3 ബ്രാൻഡുകൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നടത്തിയ പരിശോധനയിൽ യൂസ്ബൈഡേറ്റ് ഇല്ലാതെ വന്ന 90 കവർ പാൽ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ